
നവംബർ 2021
കോട്ടപ്പുറം രൂപത ബുള്ളറ്റിൻ



# മരണമേ...

**കേ**ൾക്കാനും പറയാനും അധികം ആർക്കും ഇഷ്ടമില്ലാത്ത വാക്കാണ് മരണം. ഒരർത്ഥത്തിൽ എല്ലാവരിലും ഉള്ള മരണഭയമാണ് അതിനു കാരണം. സോദരി മരണമേ എന്നു വിളിച്ച് മരണത്തെ പുല്കിയ വിശുദ്ധരുടെ ഭൂമി കൂടിയാണിത്. മനുഷ്യ ജീവിതത്തിന്റെ ഏറ്റവും സുനിശ്ചിതമായ യാഥാർത്ഥ്യം എന്ത് എന്ന ചോദ്യത്തിനുള്ള ഉത്തരം മരണമെന്നാണ്. മരണത്തെ പ്രഘോഷിക്കുമ്പോൾ ഒരർത്ഥത്തിൽ അത് ജീവന്റെ പ്രഘോഷണം തന്നെയാണ്. കാരണം മരണത്തിലെ ഒരുവന്റെ മിഴിപൂട്ടൽ താത്കാലികമാണ്. ദൈവത്തിന്റെ മടിത്തട്ടിൽ ഉണർന്നെഴുന്നേൽക്കുവാനുള്ള ഒരു മിഴിപൂട്ടൽ. ക്രിസ്തു അതുകൊണ്ടാണ് മരണത്തെ ഉറക്കമെന്നു വിളിച്ചത്. ബാലിക ഉറങ്ങുകയാണ് എന്നു പറയുമ്പോൾ അടർ കടക്കേണ്ട ജീവനെക്കുറിച്ചാണ് ക്രിസ്തു പ്രഘോഷിക്കുന്നത്. മരണത്തോടെ എല്ലാം തീർന്നു എന്ന ചിന്ത പ്രബലമാകുന്നുണ്ടിപ്പോൾ. അതുകൊണ്ടുതന്നെ ജീവിതം ആസ്വദിക്കാനുള്ള തത്രപ്പാടിലാണ് എല്ലാവരും. എല്ലാം സ്വരുക്കൂട്ടിവച്ചിട്ടു തിന്നുകുടിച്ച് ആനന്ദിക്കാമെന്നുള്ള ധനികനായ മനുഷ്യന്റെ ചിന്തയെ ഭോഷത്തമെന്നു വിളിക്കുന്നു ക്രിസ്തു. ജീവനെ നന്മനിറഞ്ഞ ആഘോഷമാക്കാതെ സ്വാർത്ഥതയുടെ ചട്ടക്കൂടിൽ ഒതുങ്ങാൻ ശ്രമിക്കുന്ന എല്ലാവർക്കും ക്രിസ്തു തരുന്ന വിശേഷണം ഭോഷൻ എന്നുതന്നെയാണ്. നവംബർ മാസം മരിച്ചവരെ ഓർമ്മിച്ചെടുക്കുമ്പോൾ മരണാവബോധത്തോടെ ജീവിതം ഘോഷിക്കുവാനുള്ള ആഹ്വാനം കൂടിയാണ്. ജീവിതത്തിൽ നന്മയുടെ സുകൃതത്തിന്റെ വസന്തം തീർത്തവർക്ക് മരണം ആസ്വാദ്യകരമായ അനുഭവമായിരിക്കും. ദൈവമില്ലായെന്നു പറഞ്ഞ് അതു പഠിപ്പിച്ച് ദൈവത്തിന്റെ ശവപ്പെട്ടിയിലെ അവസാന ആണി അടിച്ചു എന്നു പറഞ്ഞ നിരീശ്വരവാദി ഫ്രെഡറിക് നീഷെ അവസാനം ഭീകരമായ മരണത്തിനു മുമ്പിൽ പതറിപ്പോയതും ചരിത്രമാണ്.

നവംബർ മാസം മരിച്ചവരെ ഓർമ്മിക്കുമ്പോൾ അവരുടെ സുകൃതജീവിതത്തിനു മുന്നിൽ പുഷ്പങ്ങൾ ചാർത്തുമ്പോൾ ജീവിതം നന്മയുള്ളതാക്കി മാറ്റാൻ ശ്രമിക്കാം. "മരണമേ നിന്റെ വിജയമെവിടെ" എന്നു ചോദിച്ച പൗലോസ് അപ്പസ്തോലനെപ്പോലെ നിത്യതയുടെ ജീവിത്തതിലേക്ക് മരണമെന്ന കവാടത്തിലൂടെ കടക്കാൻ ഒരുക്കമുള്ളവരാകാം.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മാളിയേക്കൽ**
ചീഫ് എഡിറ്റർ

നവംബർ 2021

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ

രക്ഷാധികാരി
മൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി

ചീഫ് എഡിറ്റർ
ഫാ. ജോസഫ് മാളിയേക്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. ജോയ് ഗ്രാമ്പിക്കൽ

എഡിറ്റർ ഇൻ ചാർജ്ജ് & അഡ്വർടൈസ്മെന്റ്
ഫാ. ആന്റണി ഒളാട്ടുപുറത്ത്

അസോസിയേറ്റ് എഡിറ്റേഴ്സ്
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ഫാ. ലിജോ മാത്യൂസ് താണിപ്പിള്ളി

എക്സിക്യൂട്ടീവ് എഡിറ്റർ
ടെറ്റസ് ഗോതുരുത്ത്

സർക്കുലേഷൻ മാനേജർ
ഫാ. അഗസ്റ്റിൻ നിമേഷ് കാട്ടാശ്ശേരി

പത്രാധിപസമിതി
സിപ്പി പള്ളിപ്പുറം
ജോസഫ് പനക്കൽ
ജോയ് ഗോതുരുത്ത്

ഡിടിപി
നിഷ സോജൻ

രൂപകല്പന
ഇമേജ് (കിഡ്സ്) കോട്ടപ്പുറം

എഡിറ്റർ
ദിദിമോസ്, വികാസ്
കോട്ടപ്പുറം - 680 667
ഫോൺ : 0480 2807675
didimoskottapuram@gmail.com

## താളുകളിൽ

പൈതൃകാമുഖം..............................4

വി. യൗസേപ്പിതാവ്:
വി. ഗ്രന്ഥത്തിലും പാരമ്പര്യങ്ങളും............5

നവോദ്ധാരകൻ :
ജോസഫ് കേളന്തറ മെത്രാപ്പോലീത്ത..........9

സിനഡാത്മ സഭയ്ക്കായ്...
കൂട്ടായ്മ, പങ്കാളിത്തം,പ്രേഷിതത്വം.........11

നിത്യജീവിതത്തിന്റെ
മുന്നാസ്വാദനം.................................13

വാർത്താജാലകം...............................14

# പൈതൃകാമുഖം



റൈറ്റ് റവ.ഡോ.
**ജോസഫ് കാരിക്കശ്ശേരി**

## തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ് (സങ്കീ 116 : 15)

നവംബർ മാസം സകല മരിച്ച വിശ്വാസികളെയും സകല വിശുദ്ധരെയും ഓർമ്മിക്കുന്ന, പ്രാർത്ഥിക്കുന്ന, വിശുദ്ധരുടെ മാദ്ധ്യസ്ഥം യാചിക്കുന്ന അവസരമാണ്. ഈ ലോകത്തിലുള്ള ജീവിതം മുഴുവൻ സ്വർഗ്ഗത്തിലേക്കുള്ള ചുവടുവെപ്പാണെന്ന സത്യം ഇവരിൽ നിന്നു നാം പഠിക്കുന്നു. നമ്മൾ ആരും ഭൂമിയുടെ സ്വന്തമല്ല, സ്വർഗ്ഗത്തിന്റേതാണെന്ന സത്യം ഉൾക്കൊള്ളാൻ നമുക്കാവണം. ക്രിസ്തുവിന്റെ ഉത്ഥാനത്തിൽ വിശ്വസിക്കുന്ന നമുക്ക് മരണം സങ്കടത്തിന്റെ കാരണമാകരുത്. പ്രത്യുത പ്രത്യാശയുടെ അവസരമായിരിക്കണം. ഈ ഭൂമിയിൽ ജീവിച്ച് ജീവിതസമരവുമായി മുന്നോട്ടുപോയി കാലയവനികയ്ക്കുള്ളിൽ മറഞ്ഞവർക്ക് നമ്മുടെ പ്രാർത്ഥന കൂടിയേ തീരൂ.

നവംബർ 2 സകല മരിച്ചവരുടെയും തിരുനാളിൽ നിന്ന് നവംബർ 1 സകല വിശുദ്ധരുടെയും തിരുനാളിലേക്ക് നമ്മുടെ പ്രിയപ്പെട്ടവരെ എത്തിക്കാൻ സകല മരിച്ച വിശ്വാസികൾക്കും വേണ്ടി പ്രാർത്ഥിക്കാം. അതോടൊപ്പം നമ്മുടെ ജീവിതം അവസാനിക്കുമ്പോൾ നവംബർ 1-ാം തിയ്യതി സകല വിശുദ്ധരുടെയും തിരുനാൾ ദിനത്തിൽ ഓർമ്മിക്കത്തക്ക വിധത്തിൽ നന്മയിലും വിശുദ്ധിയിലും ജീവിതം മുന്നോട്ടു നയിക്കാൻ നമുക്ക് പരിശ്രമിക്കാം, പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.



രതീഷ് ഭജനമഠം, ആലപ്പുഴ

# വി. യൗസേപ്പിതാവ്: നൽമരണ മദ്ധ്യസ്ഥൻ

ദൈവപുത്രനും ലോകരക്ഷകനുമായ യേശുക്രിസ്തുവിന്റെ പരസ്യജീവിതത്തിനു മുമ്പ് പരിശുദ്ധ കന്യകാമറിയത്തിന്റെ സാന്നിദ്ധ്യത്തിൽ തന്റെ വളർത്തുപുത്രനും മിശിഹായുമായ യേശുവിന്റെ തൃക്കരങ്ങളിൽ കിടന്നുകൊണ്ട് ഭാഗ്യപ്പെട്ട വി. യൗസേപ്പിതാവ് സ്വർഗ്ഗീയമായ സന്തോഷത്തോടും സമാധാനത്തോടും ആഴമായ വിശ്വാസത്തോടുംകൂടി മരണമടഞ്ഞു എന്നാണ് തിരുസഭയുടെ പരമ്പരാഗതമായ വിശ്വാസം. വി.യൗസേപ്പിന്റെ അത്ര ധന്യമായ മരണത്തെ തിരുസഭ ഏറെ ആദരവോടെയാണ് സ്മരിക്കുന്നത്. ഇതുപോലൊരു ഭാഗ്യമരണം യൗസേപ്പിനല്ലാതെ മറ്റാർക്കും ലഭിച്ചിട്ടില്ല. അതുകൊണ്ട് തിരുസഭ അദ്ദേഹത്തെ നല്മരണ മദ്ധ്യസ്ഥനായാണ് ആദരിക്കുന്നത്. നല്ല മരണം പ്രാപിക്കാൻ സാധിച്ചു എന്നതാണ് അദ്ദേഹത്തിനു ലഭിച്ച വലിയ ദൈവാനുഗ്രഹം. ദുഃഖങ്ങൾക്കും ദുരിതങ്ങൾക്കും പ്രതിസന്ധികൾക്കുമിടയിലും സ്വർഗ്ഗത്തിൽ നിന്ന് തന്നെ ഭരമേൽപ്പിച്ചിരുന്ന എല്ലാ ഉത്തരവാദിത്വങ്ങളും ദൗത്യങ്ങളും പരിപൂർണ്ണമായി നിറവേറ്റിക്കൊണ്ട് വി. യൗസേപ്പിന് സമാധാനത്തോടും സ്വർഗ്ഗീയ ആനന്ദത്തോടും വിശ്വാസതീക്ഷണതയോടും കൂടി ദൈവതിരുസന്നിധിയിൽ സ്വർഗ്ഗീയ സൗഭാഗ്യം അനുഭവിക്കാൻ സാധിച്ചു. ഒരാളുടെ ജീവിതത്തിലെ ഏറ്റവും ഫലപ്രദും വിജയകരവുമായ പരിസമാപ്തി എന്നുപറയുന്നത് ആ വ്യക്തിക്ക് ഒരു ഭാഗ്യമരണം ലഭിക്കുക എന്നതാണ്. ദിവ്യരക്ഷകന്റെ പെസഹാരഹസ്യത്തിന്റെ അടിസ്ഥാനത്തിലാണ് വിശ്വാസികൾ മരണത്തെ കാണേണ്ടത്. ശരീരത്തിൽ നിന്നുള്ള ആത്മാവിന്റെ വേർപാടാണ് മരണം. സത്യവിശ്വാസിയെ സംബന്ധിച്ച് മരണം എന്നത് ഭയാനകവും വേദനാജനകവുമായ ഒരു അവസ്ഥയല്ല. സ്വർഗ്ഗീയപിതാവുമായുള്ള നിത്യമായ ഐക്യത്തിനു വേണ്ടിയുള്ള സർവ്വശക്തന്റെ ക്ഷണവും സ്വർഗ്ഗീയ ജീവിതത്തിലേക്കുള്ള ജനനവും ആരംഭവുമാണ്. നല്ല പ്രായംവരെ ജീവിച്ച് നല്ലമരണം

പ്രാപിക്കണമെന്ന് ആഗ്രഹിക്കാത്തവരായി ആരുംതന്നെ ഉണ്ടാവുകയില്ല. സമാധാനത്തോടും ശാന്തിയോടും സുബോധത്തോടും കൂടിയുള്ള മരണം ലഭിക്കുക എന്നത് മരിക്കുന്ന വ്യക്തിയ്ക്ക് എന്നതുപോലെ ബന്ധുമിത്രാദികൾക്കും ഏറെ ആശ്വാസപ്രദമായ കാര്യമാണ്. പ്രസാദവരാവസ്ഥയിലുള്ള ഒരു ആത്മാവ് മരണത്തെ ഭയപ്പെടുന്നില്ല. ജീവിതം എങ്ങനെയായിരിക്കുമോ അതുപോലെയായിരിക്കും മരണവും. പാപകരമായ ജീവിതത്തോടും ജഡികാസക്തിയോടും ലോകസുഖലോലുപതകളോടും ആർഭാടത്തോടും ആഡംബരങ്ങളോടുമുള്ള അതിരുകടന്ന സ്നേഹവും അഭിനിവേശവുമാണ് ഒരാളുടെ മരണത്തെ ഭയാനകമാക്കുന്നത്. നല്ലജീവിതം നയിച്ച് മരിച്ച് ദൈവസന്നിധിയിൽ എത്തപ്പെട്ടവർ മരണത്തെ കീഴടക്കിയവരാണ്. ദൈവഹിതത്തിന് പരിപൂർണ്ണമായി സമർപ്പിച്ചുകൊണ്ട് നീതിനിഷ്ഠയോടെ ജീവിച്ച യൗസേപ്പ് നല്ലമരണം പ്രാപിച്ച് മരണത്തെ കീഴടക്കി.

സുവിശേഷങ്ങളിൽ യൗസേപ്പിന്റെ മരണത്തെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ ഇല്ലാത്തതുകൊണ്ട് അദ്ദേഹം എത്രകാലം ജീവിച്ചിരുന്നുവെന്ന് പറയുവാൻ സാധിക്കാത്ത അവസ്ഥയാണ്. യൗസേപ്പിന്റെ മരണത്തെ സംബന്ധിക്കുന്ന രേഖകൾ ഇല്ലെങ്കിലും അദ്ദേഹം യേശുവിന്റെ പരസ്യജീവിതത്തിനു മുമ്പ് രഹസ്യജീവിതത്തിന്റെ അവസാനത്തോടെ പരിശുദ്ധ മറിയത്തിന്റെയും യേശുവിന്റെയും സാന്നിദ്ധ്യത്തിൽ മരണമടഞ്ഞു എന്നാണ് പരമ്പരാഗതമായ വിശ്വാസം. കാരണം യേശുവിന്റെ പരസ്യജീവിതകാലത്ത് യൗസേപ്പിനെക്കുറിച്ച് സുവിശേഷങ്ങളിലെ ഒരു ഭാഗത്തും പരാമർശിക്കുന്നില്ല. യേശുവിന്റെ ബാല്യകാല സംഭവങ്ങൾക്കു ശേഷം സുവിശേഷങ്ങളിൽ ദിവ്യരക്ഷകന്റെ പരസ്യജീവിതകാലത്തെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. തുടർന്ന് യേശുവിന്റെ വളർത്തുപിതാവിനെക്കുറിച്ചുള്ള വിവരങ്ങൾ സുവിശേഷങ്ങളിൽ വിരളമാണ്. അതുകൊണ്ട് വ്യക്തമായ ഒരു കാര്യം യേശുവിന്റെ 12-ാം വയസ്സുവരെ യൗസേപ്പ് ജീവിച്ചിരുന്നു എന്നതാണ്. യേശുവിന്റെ പരസ്യജീവിതകാലത്ത് പലഭാഗത്തും മറിയത്തെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. കാനായിലെ കല്യാണവീട്ടിൽ മറിയത്തിന്റെ സാന്നിദ്ധ്യത്തിൽ യേശു ആദ്യ അത്ഭുതം പ്രവർത്തിച്ചതായി നാം സുവിശേഷത്തിൽ കാണുന്നു. അന്ന് യൗസേപ്പ് ഉണ്ടായിരുന്നുവെങ്കിൽ അത് വി. ഗ്രന്ഥത്തിൽ വ്യക്തമായി രേഖപ്പെടുത്തുമായിരുന്നു. പരസ്യശുശ്രൂഷയുടെ കാലത്ത് യേശുവിനെ അന്വേഷിച്ചു വരുന്നത് അവിടുത്തെ അമ്മയും സഹോദരന്മാരും ആണെന്നാണ് സുവിശേഷങ്ങളിൽ എഴുതിയിരിക്കുന്നത്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ യേശുവിന്റെ 12-ാം വയസ്സിനും 30-ാം വയസ്സിനും ഇടയ്ക്ക് യൗസേപ്പ് മരിച്ചതായാണ് പാരമ്പര്യമായ ഒരു വിശ്വാസം. സഭയിലെ പണ്ഡിതന്മാർക്ക് ഇതിനെക്കുറിച്ച് പല അഭിപ്രായങ്ങളാണുള്ളത്. ദൈവശാസ്ത്ര പണ്ഡിതന്മാരുടെ പ്രധാന അഭിപ്രായങ്ങളിൽ ഒന്നാണ് യേശുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ അവിടുത്തെ ജ്ഞാനസ്നാനത്തിനു ശേഷം കാനായിലെ ആദ്യ അത്ഭുത സംഭവത്തിനു മുമ്പായി യൗസേപ്പിന്റെ മരണം സംഭവിച്ചിരിക്കാം എന്നത്. പൗരാണിക കാലം മുതലുള്ള ഭക്താനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും പ്രകാരം യൗസേപ്പ് സമാധാനത്തോടെ നല്ല മരണം പ്രാപിച്ചത് യേശുവിന്റെയും മറിയത്തിന്റെയും കരങ്ങളിൽക്കിടന്നുകൊണ്ടാണ് എന്നാണ് ആഴമായ ക്രൈസ്തവ വിശ്വാസം.

ദൈവത്തെയും ദൈവകല്പനകളെയും ധിക്കരിച്ചുകൊണ്ട് സഹോദരങ്ങളെ സ്നേഹിക്കാതെ പാപകരവും അഹങ്കാരം നിറഞ്ഞതുമായ ജീവിതം നയിച്ച് ജീവിതം പാഴാക്കിക്കളഞ്ഞവർ മരണസമയത്ത് ഏറെ ദുഃഖിക്കേണ്ടതായി വരും. പാപകരമായ ജീവിതമോ ലോകത്തിന്റേതായ ആർഭാടങ്ങളോ സമ്പത്തോ സ്ഥാനമാനങ്ങളോ ആയ ഒരു ആഢംബരങ്ങളും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട രക്ഷകന്റെ വളർത്തുപിതാവിന്റെ ജീവിത്തെ സ്പർശിച്ചതേ ഇല്ല. അതുകൊണ്ട് ഒരു നല്ലമരണം ലഭിച്ച യൗസേപ്പ് ഉത്തമ മരണത്തിന്റെ മഹനീയ മാതൃകയും നൽമരണ മദ്ധ്യസ്ഥനുമാണ്. ദൈവികസ്വരത്തിന് കാതോർത്ത അദ്ദേഹം ജീവിത

കാലം മുഴുവൻ ദിവ്യരക്ഷകന്റെയും ദൈവമാതാവിന്റെയും സംരക്ഷണത്തിനായാണ് പ്രവർത്തിച്ചത്. ആഴമായ വിശ്വാസവും ജീവിത വിശുദ്ധിയും നീതിനിഷ്ഠയും ത്യാഗജീവിതവും കാരണം അദ്ദേഹത്തിന് സൗഭാഗ്യപൂർണ്ണവും സമാധാനപരവുമായ ഒരു ഭാഗ്യമരണമാണ് ലഭിച്ചത്.

യൗസേപ്പിതാവിന്റെ ഭൗതികശരീരം എവിടെയാണ് സംസ്കരിച്ചത് എന്നതിനെ സംബന്ധിച്ച് ആധികാരിക രേഖകൾ ഒന്നുംതന്നെയില്ല. നമ്മുടെ നിത്യരക്ഷയ്ക്കു വേണ്ടി ദിവ്യരക്ഷകനായ യേശുക്രിസ്തു കാൽവരി കുന്നിൽ കുരിശിൽ തൂങ്ങി മരണപ്പെട്ട സമയത്ത് ശവകുടീരങ്ങൾ തുറക്കപ്പെട്ടതായും അതുവരെ മരണപ്പെട്ട വിശുദ്ധാത്മാക്കൾ ഉയിർത്തെഴുന്നേറ്റ് അനേകർക്കു കാണപ്പെട്ടതായും നാം മത്തായിയുടെ സുവിശേഷത്തിൽ വായിക്കുന്നു. ആ ഗണത്തിൽ നീതിമാനായ യൗസേപ്പും ഉയിർപ്പിക്കപ്പെട്ടു എന്നാണ് സഭാപണ്ഡിതന്മാരുടെ അഭിപ്രായം - മത്താ 27 : 52 - 53 ൽ ഇപ്രകാരം എഴുതിയിട്ടുണ്ട് : "ശവകുടീരങ്ങൾ തുറക്കപ്പെട്ടു. നിദ്രപ്രാപിച്ചിരുന്ന അനേകം വിശുദ്ധരുടെ ശരീരങ്ങൾ ഉയിർപ്പിക്കപ്പെട്ടു. അവന്റെ പുനരുദ്ധാനത്തിനു ശേഷം ശവകുടീരങ്ങളിൽ നിന്നു പുറത്തുവന്ന് അവർ വിശുദ്ധ നഗരത്തിൽ പ്രവേശിച്ച് അനേകർക്ക് പ്രത്യക്ഷരായി." ആദിമാതാപിതാക്കളായ ആദത്തിന്റെയും ഹവ്വായുടെയും പാപം കാരണം അടയ്ക്കപ്പെട്ട സ്വർഗകവാടം മരണത്തെ ജയിച്ച് കീഴടക്കിയ ദിവ്യരക്ഷകനായ യേശുവിന്റെ ഉത്ഥാനത്തോടെ എന്നെന്നേയ്ക്കുമായി തുറക്കപ്പെട്ടു. വി. മത്തായിയുടെ സുവിശേഷഭാഗത്തിന്റെ (27 : 52 - 53) അടിസ്ഥാനത്തിൽ ലോകപാപപരിഹാരത്തിനായി വലിയ പാടുപീഡകൾ സഹിച്ച് ക്രൂശിതനായി മനുഷ്യകുലത്തെ വീണ്ടെടുത്ത ദിവ്യരക്ഷകന്റെ ഉത്ഥാനത്തോടെ അന്നുവരെ മരണംവരിച്ച വിശുദ്ധാത്മാക്കൾ സ്വർഗ്ഗത്തിൽ എത്തിച്ചേർന്നു എന്ന് ഉറച്ചു വിശ്വസിക്കാവുന്ന കാര്യമാണ്. വിശുദ്ധ ജീവിതം നയിച്ചു മരിച്ച് അടക്കപ്പെട്ടവർ യേശുവിന്റെ ഉത്ഥാനത്തോടെ സ്വർഗ്ഗത്തിൽ പ്രവേശിച്ചു എന്നു നാം വിശ്വസിക്കുന്നുവെങ്കിൽ മാതൃക വിശുദ്ധ ജീവിതം നയിച്ച യൗസേപ്പ് ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ സൗഭാഗ്യത്തിൽ എത്തിച്ചേർന്നു എന്നുള്ളത് ഉറച്ച കാര്യമാണ്. ദിവ്യരക്ഷകന്റെ വളർത്തുപിതാവും മറിയത്തിന്റെ വിരക്ത ഭർത്താവും എന്ന നിലയിൽ അദ്ദേഹത്തിന് മനുഷ്യാവതാര രഹസ്യത്തിലുള്ള വലിയ പ്രാധാന്യം വച്ച് ഈ ഉത്ഥാനത്തിന് അദ്ദേഹം ഏറെ യോഗ്യനാണ്.

യേശുവിന്റെ ഉത്ഥാനത്തോടെ ശവകുടീരത്തിൽ നിന്ന് പുറത്തുവന്നവരുടെ കൂട്ടത്തിൽ യൗസേപ്പും ഉണ്ടായിരുന്നു എന്നാണ് തിരുസഭയിലെ സുപ്രധാന ദൈവശാസ്ത്ര പണ്ഡിതരും വിശുദ്ധശ്രേഷ്ഠരുമായ വി. തോമസ് അക്വിനാസ്, അലക്സാണ്ട്രിയായിലെ ക്ലെമന്റ്, സിയെന്നായിലെ വി. ബെർണഡിൻ തുടങ്ങിയവരുടെ അഭിപ്രായം. സിയെന്നായിലെ വി. ബെർണഡിൻ ഇപ്രകാരമാണ് എഴുതിയത് : "തന്റെ പരിശുദ്ധയായ അമ്മയ്ക്ക് ക്രിസ്തു നൽകിയ അതേ ആനുകൂല്യം തന്റെ പിതൃത്വം അലങ്കരിച്ച യൗസേപ്പിനും നൽകിയെന്ന് സത്യവിശ്വാസപ്രകാരമല്ല, മറിച്ച് ഭക്തിയുടെ അടിസ്ഥാനത്തിൽ നമുക്ക് വിശ്വസിക്കാവുന്നതാണ്. മറിയം സ്വർഗത്തിലേക്ക് കരേറ്റപ്പെട്ടതുപോലെ തന്നെ, യേശുവിന്റെ ഉത്ഥാനദിനത്തിൽ യൗസേപ്പും ഉയിർപ്പിക്കപ്പെട്ടു." യേശുവിന്റെ സ്വർഗ്ഗാരോഹണ സമയത്ത് യൗസേപ്പും ആത്മാവോടും ശരീരത്തോടും കൂടെ സ്വർഗ്ഗത്തിൽ ഉയർത്തപ്പെട്ടു എന്നാണ് ലപ്പീദിലെ കൊർണേലിയൂസ്, ഫ്രാൻസിസ് സ്വാരെസ് - തുടങ്ങിയ ദൈവശാസ്ത്ര പണ്ഡിതന്മാർ രേഖപ്പെടുത്തിയിരിക്കുന്നത്. യേശുവിനോടൊപ്പം ശരീരത്തോടുകൂടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടവരുടെ ഗണത്തിൽ വി. സ്നാപക യോഹന്നാനും വി. യൗസേപ്പും ഉൾപ്പെട്ടിരുന്നു എന്ന് വി. ജോൺ 23-ാമൻ പാപ്പാ 1960 ൽ നടത്തിയ ഒരു പ്രഭാഷണത്തിൽ പ്രസ്താവിക്കുകയുണ്ടായി. യൗസേപ്പിന്റെ ഭൗതികാവശിഷ്ടങ്ങൾ ഭൂമിയിൽ എവിടെയെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ, അപ്പസ്തോലന്മാരുടെ ശവകുടീരങ്ങൾ ആദരവോടെ സംരക്ഷിച്ച ആദിമ ക്രിസ്ത്യാനികൾ അതും പരിപാവനമായി സംര

ക്ഷിയ്ക്കുമായിരുന്നു. വിശ്വാസി സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെയുണ്ടായിരുന്ന വിശുദ്ധന്മാരുടെ ഭൗതികാവശിഷ്ടങ്ങൾ ദൈവത്തിന്റെ സ്വർഗ്ഗീയ ഇടപെടൽ വഴി കണ്ടെത്തി പരിപാവനമായി സംരക്ഷിക്കപ്പെടുന്ന അവസരത്തിൽ രക്ഷകന്റെ വളർത്തുപിതാവായ യൗസേപ്പിന്റെ മൃതശരീരം ഭൂമുഖത്ത് എവിടെയെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ അത് ദൈവംതന്നെ വെളിപ്പെടുത്തി തരുമായിരുന്നു. വി. യൗസേപ്പിന്റെ വിവാഹത്തിന്റെ തിരുമോതിരം പെർസിയോ എന്ന നഗരത്തിലുണ്ടെന്ന ദൈവിക വെളിപാട് പൗരാണിക കാലത്തു തന്നെ ലഭിച്ചു. യൗസേപ്പിന്റെ മേൽവസ്ത്രത്തെ സംബന്ധിക്കുന്ന ദൈവിക വെളിപാട് ലഭിച്ചതിനെ തുടർന്ന് അത് ഇന്നും റോമിലും അംബോഡിയാ പട്ടണത്തിലുമായി ഭക്ത്യാദരവോടെ സംരക്ഷിക്കപ്പെടുന്നു. ഇത് വെളിപ്പെടുത്തിയ സർവ്വശക്തൻ യൗസേപ്പിന്റെ തിരുശേഷിപ്പിന്റെ ഭാഗങ്ങൾ ഭൂലോകത്ത് എവിടെയെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ അത് വെളിപ്പെടുത്തുമായിരുന്നു. അതിനാൽ യേശുവിന്റെ ഉത്ഥാനദിനത്തിൽ ഉയിർപ്പിക്കപ്പെട്ട മഹാവിശുദ്ധനും നീതിമാനുമായ വി. യൗസേപ്പിതാവ് സ്വർഗ്ഗീയ സൗഭാഗ്യവും ആനന്ദവും അനുഭവിക്കുന്നു എന്നു വിശ്വസിക്കാം.

ആഗോള തിരുസഭയിൽ പൗരാണിക കാലഘട്ടം മുതൽ വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ഏറെ പ്രാധാന്യമുള്ള ഒരു ഭക്താനുഷ്ഠാനമായാണ് അനുസ്മരിച്ചു വരുന്നത്. സികസ്റ്റസ് 4-ാമൻ പാപ്പയാണ് (1471 - 84) മാർച്ച് 19 ന് യൗസേപ്പിതാവിന്റെ മരണത്തിരുനാളായി നിശ്ചയിച്ചത്. പുരാതന കാലം മുത്ൽ വിശുദ്ധനെ നന്മരണ മദ്ധ്യസ്ഥനായി ആദരിച്ചു വന്നു. വി. പത്താം പീയൂസ് പാപ്പ 1913 ൽ റോമിലെ ത്രിയോൺ ഫാലേയിലുള്ള സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് 'മരണാസന്നരുടെ രക്ഷയ്ക്കായുള്ള വി. യൗസേപ്പിന്റെ കടന്നുപോകലിന്റെ സംഘം' എന്ന ഭക്തസംഘടനയ്ക്ക് ആരംഭം കുറിച്ചു. 'രോഗികളുടെ പ്രത്യാശ, മരണാസന്നരുടെ മദ്ധ്യസ്ഥൻ, പിശാചുക്കളുടെ പരിഭ്രമം - എന്നീ വിശേഷണങ്ങൾ ചേർത്തുകൊണ്ട് വി. പത്താം പീയൂസ് പാപ്പ 1909 ൽ വി. യൗസേപ്പിന്റെ ലുത്തിനിയയ്ക്ക് അംഗീകാരം നൽകി. 'ബോനും സാനോ' എന്ന മോത്തു പ്രോപ്രിയോ വഴി ബെനഡിക്ട് 15-ാമൻ പാപ്പാ 1920 ൽ വി. യൗസേപ്പിനെ മരണാസന്നരുടെ മദ്ധ്യസ്ഥനായി വണങ്ങണമെന്ന് വിശ്വാസിസമൂഹത്തെ ഉദ്ബോധിപ്പിച്ചു. ബെനഡിക്ട് 15-ാമൻ പാപ്പാ മരണാസന്നർക്കു വേണ്ടിയും നന്മരണത്തിനു വേണ്ടിയും വി. യൗസേപ്പിന്റെ വണക്കത്തിനായി രണ്ട് ഭക്താനുഷ്ഠാന ദിവ്യബലികൾ ആരംഭിച്ചു. വി. യൗസേപ്പിന്റെ ബഹുമാനത്തിനായുള്ള "മഹത്വമേറിയ വി. യൗസേപ്പിനെപ്പോലെ ഞാനും യേശുവിന്റെയും മറിയത്തിന്റെയും കരങ്ങളിൽ..."എന്ന നല്ലമരണ ഭാഗ്യത്തിനായുള്ള പ്രാർത്ഥനയും ബെനഡിക്ട് 15-ാമൻ പാപ്പാ വിശ്വാസിസമൂഹത്തിനു നൽകി. "മരണാസന്നരുടെ പ്രിയ്യപ്പെട്ട മദ്ധ്യസ്ഥനായ വി. യൗസേപ്പ് നിന്റെ പ്രത്യാശയെ ശക്തിപ്പെടുത്തട്ടെ" എന്ന പ്രാർത്ഥന 11-ാം പീയൂസ് പാപ്പാ 1922 ൽ രോഗീലേപനത്തിനുള്ള റോമൻ അനുഷ്ഠാനക്രമത്തിൽ ഉൾപ്പെടുത്തി. "മരണാസന്നരുടെ മദ്ധ്യസ്ഥനായി വി. യൗസേപ്പേ, ഞാൻ നിന്നിലേക്ക് തിരിയുന്നു..." എന്ന പ്രാർത്ഥനയും 11-ാം പീയൂസ് പാപ്പായുടേതാണ്. ആഗോള തിരുസഭ വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ഏറെ സമുചിതമായാണ് ആചരിക്കുന്നത്. കേരളസഭയിലെ വി. യൗസേപ്പിനോടുള്ള ഭക്തിയും തിരുനാളാചരണവും ഏറെ പ്രസിദ്ധമാണ്.

നല്ല മരണത്തിനുള്ള പ്രതിബന്ധവും ദൈവവരപ്രസാദത്തിന് എതിരുമായ പാപസാഹചര്യങ്ങളെ വെറുത്ത് ഉപേക്ഷിക്കാനുള്ള സ്വർഗ്ഗീയ കൃപ ലഭിക്കുവാനായി വി. യൗസേപ്പിനോട് മാദ്ധ്യസ്ഥം യാചിക്കാം. നല്ല മരണത്തിന്റെയും മരണാസന്നരുടെയും മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ നീതിനിഷ്ഠയും ആഴമായ വിശ്വാസവും വിശുദ്ധിയും അനുസരണവും നമ്മുടെ ജീവിതത്തിൽ മാതൃകയായി സ്വീകരിച്ചുകൊണ്ട് വിശ്വാസജീവിതത്തിൽ വളരുവാൻ പരിശ്രമിക്കാം.



ഫാ. ജോബി കാട്ടാശ്ശേരി

# നവോദ്ധാരകൻ: ജോസഫ് കേളന്തറ മെത്രാപ്പോലിത്ത

ആർച്ചു ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി തുടങ്ങിവച്ച അതിരൂപത നവീകരണ പ്രക്രിയകൾ പൂർത്തിയാക്കുന്നതിനു മുമ്പേ ദിവംഗതനായി. അപ്രതീക്ഷിതമായി മരണം അദ്ദേഹത്തിന്റെ ജീവിതത്തിലേക്കു കടന്നുവന്നതുകൊണ്ട് തന്റെ പിൻഗാമിയെ നിശ്ചയിക്കുന്ന കാര്യത്തിൽ നിർദ്ദേശം നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. പെട്ടെന്നുണ്ടായ ഒഴിവ് തല്ക്കാലം നികത്താൻ വികാർ ക്യാപ്പിറ്റിലറായി നിയുക്തനായത് അതിരൂപതയുടെ വികാരി ജനറലും ഇന്നത്തെ കോട്ടപ്പുറം രൂപതാംഗവും പുണ്യചരിതനും സർവ്വോപരി പണ്ഡിതനുമായ മോൺ. കൊർണേലിയൂസ് ഇലഞ്ഞിക്കലായിരുന്നു. ഒരുവർഷം അതിരൂപതയെ പ്രശംസനീയമായ ഭരണപാടവംകൊണ്ട് നയിച്ചതുകൊണ്ട് വിജയപുരം രൂപതയുടെ മെത്രാനായി പരിശുദ്ധ സിംഹാസനം അദ്ദേഹത്തെ നിയോഗിച്ചു. ഇതേ തുടർന്ന് വികാർ ക്യാപ്പിറ്റുലർ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടത് ഇന്നത്തെ കോട്ടപ്പുറം രൂപത മെത്രാനായ മോൺ. ഫ്രാൻസിസ് പയ്യപ്പിള്ളിയെയായിരുന്നു. ഒരു വർഷത്തിലേറെ അദ്ദേഹം ആ സ്ഥാനത്ത് തുടർന്നു. അപ്പോഴേക്കും ഇടക്കാല ഭരണത്തിന് വിരാമമിട്ടുകൊണ്ട് വിദ്യാസമ്പന്നനും പണ്ഡിതനുമായ ഡോ. ജോസഫ് കേളന്തറയെ അതിരൂപത മെത്രാപ്പോലിത്തയായി പരിശുദ്ധ സിംഹാസനം നിയോഗിച്ചു.

1918 ൽ വരാപ്പുഴ അതിരൂപതയിലെ പനങ്ങാട് ഇടവകയിലാണ് അദ്ദേഹം ജനിച്ചത്. പഠനകാര്യങ്ങളിൽ സമർത്ഥനായതുകൊണ്ട് മേലധികാരികൾ അദ്ദേഹത്തെ തൃശ്ശിനാപ്പിള്ളി സെന്റ് ജോസഫ്സ് കോളേജിൽ ഉപരിപഠനത്തിനായി അയച്ചു. അവിടെനിന്നും ബി.എസ്.സി. ബിരുദം കരസ്ഥമാക്കി. 1949 ൽ വൈദികപട്ടം സ്വീകരിച്ചതിനുശേഷം, റോമിലെ ഊർബൻ യൂണിവേഴ്സിറ്റിയിൽ നിന്നും കാനോനിക നിയമത്തിലും, ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും സാമൂഹ്യശാസ്ത്രത്തിലും ഡോക്ടറേറ്റു ബിരുദം കരസ്ഥമാക്കി. പിന്നീട് അമേരിക്കയിലെ പോർട്ട്ലാന്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിലും വിദ്യാഭ്യാസ ശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം നേടി. നാട്ടിൽ തിരിച്ചെത്തിയ

അദ്ദേഹത്തെ സെന്റ് ആൽബർട്ട്സ് കോളേജിൽ പ്രൊഫസറായി നിയമിച്ചു. തുടർന്ന് മംഗലാപുരം സെമിനാരിയിൽ കാനോനിക നിയമം പഠിപ്പിക്കാനായി നിയോഗിക്കപ്പെട്ടു. മംഗലാപുരം സെമിനാരി വൈസ് റെക്ടറായിരുന്നപ്പോഴാണ് ജോസഫ് അട്ടിപ്പേറ്റി മെത്രാപ്പോലിത്തയുടെ പിൻഗാമിയായി അവരോധിക്കപ്പെട്ടത്. കേളന്തറ പിതാവിനെപ്പോലെ ഉന്നത ബിരുദങ്ങൾ നേടിയ മറ്റൊരു മെത്രാപ്പോലിത്ത അന്ന് ഇന്ത്യയിലുണ്ടായിരുന്നില്ല.

അതിരൂപത ഭരണത്തെ ആധുനികവത്കരിക്കുന്നതിനാണ് അദ്ദേഹം ആദ്യം ശ്രദ്ധ കേന്ദ്രീകരിച്ചത്. തന്റെ മുൻഗാമി തുടങ്ങിവച്ച പല പ്രവർത്തനങ്ങളും അനുസ്യൂതം അദ്ദേഹം മുന്നോട്ടു കൊണ്ടുപോയി. ആതുരസേവനത്തിനായി നിരവധി സന്യാസി സമൂഹങ്ങളെ അദ്ദേഹം രൂപതയിലേക്ക് ക്ഷണിച്ചു. അവർക്കു വേണ്ട ഭവനങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പ്രശാന്ത സുന്ദര സ്ഥലങ്ങൾ സൗജന്യമായി നൽകുകയും സാമ്പത്തിക സഹായവും നൽകി. കൂടാതെ രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ വെളിച്ചത്തിൽ ആരാധനാക്രമത്തിൽ വേണ്ട മാറ്റങ്ങൾ നടപ്പിലാക്കാൻ മുൻകൈ എടുത്തവരിൽ പ്രമുഖനാണ് കേളന്തറ പിതാവ്. പുതിയ ദൈവാലയങ്ങൾ നിർമ്മിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധ കൊടുത്തു. ദൈവത്തിന്റെ ഭവനം ആകർഷകമാക്കാൻ ശില്പഭംഗിയോടുകൂടി, ആധുനിക നിർമ്മാണോപാധികൾ ഉപയോഗിച്ച് മോടിപിടിപ്പിക്കുവാൻ അദ്ദേഹം ശ്രദ്ധ കൊടുത്തു. ഈ നവീകരണ പ്രക്രിയയുടെ മകുടോദാഹരണമാണ് എറണാകുളത്തെ സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രൽ. വസ്തുഭംഗിയിലും ഗാംഭീര്യത്തിലും ഉയർന്നു നിൽക്കുന്ന ഈ കത്തീഡ്രൽ ജോൺപോൾ രണ്ടാമൻ പാപ്പയുടെ പ്രശംസയ്ക്ക് പാത്രീഭവിച്ചിട്ടുണ്ട്.

വരാപ്പുഴ അതിരൂപതയുടെ ശതാബ്ദി ആഘോഷങ്ങൾ നടക്കുന്ന അവസരത്തിലാണ് 1986 ൽ ജോൺപോൾ രണ്ടാമൻ പാപ്പയുടെ ഇന്ത്യാസന്ദർശനം ഉണ്ടാകുന്നത്. അതിനു വഴിയൊരുക്കിയത് കേളന്തറ പിതാവിന്റെ നിശബ്ദ പ്രവർത്തനമായിരുന്നുവെന്നത് നിരാകരിക്കാനാവാത്ത ഒരു യാഥാർത്ഥ്യമാണ്. വരാപ്പുഴ അതിരൂപതയുടെ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് പാപ്പയെ കേരളത്തിൽ കൊണ്ടുവരണമെന്ന് ഏതാണ്ട് രണ്ടു വർഷങ്ങൾക്കു മുമ്പേ അദ്ദേഹം തീരുമാനമെടുത്തിരുന്നു. നിരന്തരമായി തന്റെ ചിരകാലാഭിലാഷം സാക്ഷാത്കരിക്കുവാൻ നിശ്ശബ്ദമായി അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നു. പാപ്പയുടെ സന്ദർശന വേളയിലും അതിരൂപതയുടെ ശതാബ്ദി ഘട്ടത്തിലും ആർച്ച്ബിഷപ്പ് കേളന്തറ പ്രകടിപ്പിച്ച ആസൂത്രണ സംഘാടക വൈദഗ്ദ്ധ്യം ഇതര സഭാവിഭാഗങ്ങളുടെ പ്രശംസയ്ക്ക് കാരണമായി. കൂടാതെ രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ നടപടികളിൽ സഹായിയായി വർത്തിക്കാനും, അതുവഴി ജോൺ 23-ാമൻ പാപ്പയുമായും, പോൾ 6-ാമൻ പാപ്പയുമായും അടുത്ത ബന്ധം പുലർത്താൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്.

അതിരൂപതയുടെ ഭരണസാരഥ്യം ഏറ്റെടുത്തതിനു ശേഷം അതിരൂപത സാംസ്കാരികവും സാമൂഹികവുമായ മണ്ഡലങ്ങളിൽ ഉയരത്തിലെത്തിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. തന്റെ പാണ്ഡിത്യവും അനുഭവസമ്പത്തും ഇക്കാര്യത്തിൽ അദ്ദേഹത്തിന് ഏറെ സഹായകമായി. കൊച്ചിയിൽ നടക്കാറുള്ള എല്ലാ പൊതുസാംസ്കാരിക പരിപാടികളിലും മെത്രാപ്പോലിത്ത സജീവ സാന്നിദ്ധ്യമായിരുന്നു. വിജ്ഞാനം കൊണ്ടും മറ്റു കഴിവുകൾ കൊണ്ടും കേളന്തറ പിതാവ് ഒരു അനിഷേധ്യ നേതാവായി മാറി. ശ്രമകരങ്ങളായ കർത്തവ്യങ്ങൾ യഥാവിധി നിർവ്വഹിക്കുന്നതിനും സങ്കീർണ്ണമായ പ്രശ്നങ്ങൾ സമർത്ഥമായി പരിഹരിക്കുന്നതിനും പിതാവിനുള്ള കഴിവ് അനാദൃശ്യമാണ്. സഭാപ്രവർത്തനങ്ങൾ അല്മായരുടെ പങ്ക് ശക്തിപ്പെടുത്താനായി കാത്തലിക് അസോസിയേഷനും, കാത്തലിക് യൂത്ത് മൂവ്മെന്റ് ശക്തിപ്പെടുത്തി. പ്രതിഭാശാലിയായ ഈ ഭരണസാരഥിയുടെ കീഴിൽ അതിരൂപത ഉത്തരോത്തരം പുരോഗമിച്ചു.

അയൽക്കൂട്ടം

റീന സൈമൺ, തുരുത്തിപ്പുറം



# സിനഡാത്മ സഭയ്ക്കായ്... കൂട്ടായ്മ, പങ്കാളിത്തം,പ്രേഷിതത്വം

**മത്താ : 11 : 25**

മെത്രാന്മാരുടെ 16-മത് സാധാരണ സിനഡ് 2023 ഒക്ടോബർ മാസത്തിൽ റോമിൽ നടത്തപ്പെടാൻ പോകുന്നു. ഭൂഖണ്ഡങ്ങൾക്കും രാജ്യങ്ങൾക്കും ഇപ്പുറം രൂപത, ഇടവക, കുടുംബസദസ്സുകളിൽ ചിന്തകൾക്ക്, ചർച്ചകൾക്ക്, ആശയങ്ങൾക്ക് രൂപം വച്ച് വളർന്ന് അങ്ങ് റോമിൽ സിനഡാത്മ സഭ വരെയെത്തുന്ന ബൃഹത്തായ പ്രക്രിയ. ഈ മഹത്തായ സംരംഭത്തിന് 2021 ഒക്ടോബർ 10 ന് റോമിൽ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയുടെ കാർമീകത്വത്തിൽ നടന്ന ദിവ്യബലിമദ്ധ്യേ സിനഡൽ പ്രവർത്തനങ്ങൾക്ക് പാപ്പ തുടക്കം കുറിച്ചു. അതിനെ തുടർന്ന് ലോകത്തുള്ള എല്ലാ രൂപതകളിലും ഒക്ടോബർ 17-ാം തിയ്യതി സിനഡൽ പ്രവർത്തനങ്ങളുടെ രൂപതാതല ഉദ്ഘാടനം നടന്നു. നമ്മുടെ രൂപതയിലും രൂപതാധ്യക്ഷൻ റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി രൂപതാതല സിനഡ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. “സിനഡാത്മ സഭയ്ക്ക്: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം” എന്ന വിഷയത്തിൽ നടത്തപ്പെടാൻ പോകുന്ന സിനഡിന്റെ ലോഗോ അഭിവന്ദ്യപിതാവ് പ്രകാശനം ചെയ്തു.

സിനഡ് "Syn" "hodos' എന്നീ രണ്ടു ഗ്രീക്കു പദങ്ങൾ ചേർന്നതാണ് - ഒരുമിച്ചു യാത്ര ചെയ്യുക എന്നതാണ് അർത്ഥം. സഭയെന്ന രീതിയിൽ നമ്മൾ പരിശുദ്ധാത്മാവിന്റെ നായകത്വത്തിൽ നിറവിൽ...പ്രേരണയിൽ നമ്മുടെ 'വഴി'യായ യേശുവിനോടൊപ്പം ഒരുമിച്ച് യാത്ര ചെയ്യുന്നു. പരിശുദ്ധ പിതാവിന്റെ ആഹ്വാനമനുസരിച്ച് ഈ സിനഡിൽ ലോകം മുഴുവനിലുമുള്ള പ്രാദേശിക സഭകളുടെയും വ്യക്തിഗത സഭകളുടെയും ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പു വരുത്തണം. അതിനായി രൂപതാതല സിനഡൽ സമിതിയുടെ രൂപീകരണം, സ്ത്രീ പുരുഷൻമാർ ഉൾപ്പെടെയുള്ള അൽമായരുടെയും സന്യസ്തരുടെയും യുവതി യുവാക്കളുടെയും പ്രാതിനിധ്യം ഉറപ്പാക്കി ഫെറോന ഇടവക തലങ്ങളിൽ സമയബന്ധിതമായി നടപ്പാക്കുന്നു.

സിനഡ് ലോഗോയിൽ 6 പ്രതീകങ്ങൾ വളരെ മനോഹരമായി ഉൾചേർത്തിരിക്കുന്നു. ഒന്ന് ഒന്നിൽ

നിന്ന് വേർതിരിച്ചല്ല, മറിച്ച് വളരെ അർത്ഥവത്തായി പ്രതീകാത്മകമായി സമ്മേളിപ്പിച്ചിരിക്കുന്നു. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം എന്നിവ സിനഡിന്റെ ഉദ്ദേശ്യങ്ങൾ വിളിച്ചോതുന്നതാണ്. ലോഗോ പ്രതീകങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ- ആകാശത്തോളം വളർന്ന ജ്ഞാനവും പ്രൗഢിയും നിറഞ്ഞ ഒരു വലിയ വൃക്ഷം അതിനോട് ചേർന്ന് ആഴത്തിലുള്ള ചൈതന്യത്തിന്റെയും പ്രത്യാശയുടെയും അടയാളമായി യേശുവിന്റെ കുരിശ്, കുരിശിനു മുകളിൽ സൂര്യതേജസ്സോടെ പ്രകാശിക്കുന്ന ദിവ്യകാരുണ്യം, ഒപ്പം അത് വഹിക്കുന്ന കൈകൾ അല്ലെങ്കിൽ ചിറകുകൾ, പരിശുദ്ധാത്മ സാന്നിധ്യം വിളിച്ചോതുന്നു. ഇതിനു കീഴിൽ ഒരുമിച്ച് ചലിക്കുന്ന, നടക്കുന്ന, യാത്രചെയ്യുന്ന ദൈവജനം. ജീവനുള്ള വൃക്ഷത്തിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് ജനങ്ങൾ ഒന്നിച്ച് അതിൽ നിന്ന് അവർ യാത്ര തുടങ്ങുന്നു.15 നിഴൽ ചിത്രങ്ങൾ- തലമുറകളുടെ ഉത്ഭവത്തിന്റെയും ജീവിത സാഹചര്യങ്ങളുടെ വൈവിധ്യത്തിന്റെയും വെളിച്ചത്തിൽ മുഴുവൻ മനുഷ്യരാശിയെയും ഉൾക്കൊള്ളുന്നു. ഈ ദർശനത്തെ ആനന്ദത്തിന്റെ അടയാളമായി നിറങ്ങളുടെ വൈവിധ്യത്താൽ കൂടുതൽ ശക്തമാക്കിയിരിക്കുന്നു. ഒരേ തലത്തിലുള്ള ഇവർക്കിടയിൽ വ്യത്യസ്ത തലങ്ങളില്ല. യുവജനങ്ങൾ, പ്രായമായവർ, പുരുഷൻമാർ, സ്ത്രീകൾ, അവിവാഹിതർ, ആരോഗ്യമുള്ളവർ, വൈകല്യമുള്ളവർ, മെത്രാന്മാർ, സന്യസ്തർ തുടങ്ങി എല്ലാവരും ഇവരുടെ കൂട്ടത്തിലാണ്. അതിനു താഴെ സിനഡൽ ആപ്തവാക്യം " സിനഡാത്മ സഭ - കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം". ഈ പ്രയാണത്തിന്റെ ദിശയിൽ ഇടതും വലതുമായി അടിവരയിട്ട് ശക്തിപ്പെടുത്തിയിരിക്കുന്നു. സിനഡിന്റെ കാലഗതി വിളിച്ചോതി 2021 - 2023 എന്ന തലക്കെട്ടിൽ എല്ലാം സമന്വയിപ്പിച്ചിരിക്കുന്നു.

പരിശുദ്ധാത്മ പ്രാർത്ഥന - സഭയിലെ പാരമ്പര്യമനുസരിച്ച് സിനഡ് ആരംഭിക്കുന്നത് പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയോടെയാണ്. സിനഡാത്മ സഭയുടെ പ്രയാണത്തിൽ നമ്മുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനവും ഉൾവെളിച്ചവും നൽകി അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിനോട് നമ്മുക്ക് നിരന്തരം ഐക്യപ്പെട്ട് പ്രാർത്ഥനയിൽ ഒന്നിക്കാം. ദൈവവചനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ എല്ലാ സൂനഹദോസുകളിലും സിനഡുകളിലും തുടക്കത്തിൽ ബൈബിൾ പ്രതിഷ്ഠ നടത്തുന്നു.

കൂടുതൽ പ്രമാണരേഖകൾ ഉണ്ടാക്കുകയല്ല ഈ സിനഡിന്റെ ലക്ഷ്യം, മറിച്ച്, സഭയെങ്ങനെയാകണമെന്ന സ്വപ്നം താഴേക്കിടങ്ങളിൽ തുടങ്ങി ഏവരേയും പ്രചോദിപ്പിക്കുക, മനുഷ്യരുടെ പ്രതീക്ഷകളേയും സ്വപ്നങ്ങളേയും പൂവണിയിക്കുക, മനുഷ്യർ വിശ്വാസത്തിലും വിശ്വസ്തതയിലും വളരുക, മുറിവുകൾ വച്ചുകെട്ടുക, പുതിയതും ആഴപ്പെട്ടതും പരസ്പരം വളർത്തുന്നതുമായ ബന്ധങ്ങൾ കെട്ടിപ്പടുക്കുക, മനുഷ്യർക്കിടയിലെ മതിലുകൾ തകർത്ത് പാലങ്ങൾ പണിയുക, മനസ്സുകളെ പ്രകാശിപ്പിക്കുക, നമ്മുടെ പൊതുദൗത്യം നിറവേറ്റാൻ കരങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുക.

മത്താ 11:25 : 'യേശു ഉദ്ഘോഷിച്ചുസ്വർഗത്തിന്റെയും ഭൂമിയുടെയും നാഥമായ പിതാവേ, നീ ഇക്കാര്യങ്ങൾ ബുദ്ധിമാൻമാരിലും വിവേകികളിലും നിന്നു മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു' എന്ന വചനം ധ്യാനിച്ചുകൊണ്ട്, സിനഡാത്മ സഭയുടെ പ്രവർത്തനങ്ങൾക്കൊപ്പം നമുക്ക് ആത്മാർത്ഥമായി പങ്കു ചേരാം. ഒരു പ്രേഷിത സഭ എന്ന രീതിയിൽ തീർത്ഥാടകരായി സഭയോടൊത്ത് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് സിനഡിന്റെ പാതയിൽ ഒരുമിച്ച് മുന്നേറാൻ പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കട്ടെ.



ഫാ. വിപിൻ മുതലാംപറമ്പിൽ

# നിത്യജീവിതത്തിന്റെ മുന്നാസ്വാദനം

മരണം ഭൂലോകത്തിലെ സകല മാനുഷിക ആഗ്രഹങ്ങളുടെയും ആശകളുടെയും പരിസമാപ്തിയും, രോഗസഹനങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടവും, ബന്ധുമിത്രാദികളുടെ ഓർമ്മയിലൂടെ മാത്രമുള്ള ജീവിതവുമാണ്. നാം എല്ലാവരും മരണത്തെ ഭയക്കുന്നവരാണ്. മരണത്തിൽ നിന്നും ഓടിയകലുന്നവരാണ് നമ്മളെല്ലാവരും. ജീവിത ആയുസ്സിന്റെ ദൈർഘ്യം അനുദിനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നവരാണ് നമ്മൾ ഏവരും. ദൈവം മനുഷ്യജീവിതത്തിന്റെ അന്ത്യത്തിൽ നമ്മൾക്കായി ഒരുക്കിവച്ചിരിക്കുന്ന സ്വർഗ്ഗീയ ജീവിതത്തിന്റെ ആസ്വാദനത്തെക്കുറിച്ച് നമ്മൾ ബോധ്യമുള്ളവരല്ല. തങ്ങളുടെ യഥാർത്ഥ ജീവിതം ഈ ഭൂലോകത്തിൽ തന്നെയാണെന്നും, തിന്നും കുടിച്ചും ജീവിതം ആസ്വദിക്കാം എന്ന അബദ്ധ സിദ്ധാന്തങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരാണ് നമ്മളിൽ ഭൂരിഭാഗവും. ഭൂമി ഒരു പരീക്ഷണ വേദിയാണ്. ഈ വേദിയിൽ ആത്മാർത്ഥമായി നിറഞ്ഞാടുന്നവർ മരണാനന്തര സ്വർഗ്ഗീയ ജീവിതം ആസ്വദിക്കുവാൻ അർഹരാകുന്നു.

ധനവാന്റെയും ലാസറിന്റെയും ഉപമ വ്യക്തമാക്കുന്നത് വരാനിരിക്കുന്ന ജീവിത്തതിന്റെ ചിത്രങ്ങളാണ്. നരകത്തിലേക്ക് എറിയപ്പെട്ട ധനവാൻ അബ്രാഹമിനോടു ചോദിക്കുന്നുണ്ട്, നിന്റെ മടിയിൽ വിശ്രമിക്കുന്ന ലാസറിനെ എന്റെ പിതൃഭവനത്തിലേക്ക് അയക്കണമെന്നും, തന്റെ അഞ്ച് സഹോദരന്മാരും പീഡകളുടെ ഈ സ്ഥലത്ത് വരാതിരിക്കേണ്ടതിന് ലാസർ അവർക്കു സാക്ഷ്യം നൽകട്ടെ എന്നും ചോദിക്കുന്നുണ്ട്. മരണാനന്തര ജീവിതത്തിന്റെ പുറവും അകവും അറിഞ്ഞ ഒരുവന്റെ നേർസാക്ഷ്യമാണ് ലാസറിന്റെയും ധനവാന്റെയും ഈ ഉപമ. ഭൂമിയിൽ നിങ്ങൾ എത്ര വിശുദ്ധിയോടുകൂടെ ജീവിക്കുന്നോ അതിൽ പതിന്മടങ്ങ് വിശുദ്ധിയോടുകൂടെ സ്വർഗ്ഗരാജ്യത്തിലേക്ക് നിന്നെ ദൈവം സ്വാഗതം ചെയ്യും.

മരണത്തോടുകൂടെ ഒരുവന്റെ ആശയും അഭിലാഷങ്ങളും അവസാനിക്കുമ്പോൾ, അവന്റെ യഥാർത്ഥ ജീവിതത്തിന്റെ തിരശ്ശീല ഉയരുകയാണ്.



## K.L.C.A. എറിയാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ബാബു മാസ്റ്റർ മഞ്ഞളിയുടെ ചരമ വാർഷികവും അനുസ്മരണവും നടത്തി

കെ.എൽ.സി.എ യുടെ കോട്ടപ്പുറം രൂപത പ്രഥമ ജനറൽ സെക്രട്ടറി, കേരളവർമ സ്കൂളിലും അദ്ധ്യാപകൻ, എറിയാട് കാര അക്ഷയ സെന്ററുകളുടെ സാരഥി, വിദ്യാഭ്യാസ വിചക്ഷണൻ, വാഗ്മി, സാമൂഹ്യ പ്രവർത്തകൻ എന്നീ നിലകളിൽ സാമൂഹ്യ സാംസ്കാരിക മേഖലയിൽ നിറസാന്നിദ്ധ്യമായിരുന്ന ബാബു സാറിന്റെ അനുസ്മരണം എറിയാട് ഫാത്തിമാ മാത ദേവാലയത്തിലെ പാരിഷ്ഹാളിൽ വച്ച് നടന്നു. റവ. ഫാ. ജോൺ മരിയ സെക്വരയുടെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയോടെ പരിപാടികൾ ആരംഭിച്ചു. റവ. ഫാ. ബെന്നി വാഴക്കൂട്ടത്തിൽ യോഗം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ബാബു മുട്ടിക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. ശ്രീ. അലക്സ് താളൂപ്പാടത്ത് അദ്ധ്യക്ഷനായിരുന്നു. ശ്രീ. കെ.പി രാജൻ, ശ്രീ. ഡേവിസ്, ശ്രീ. അജിത് തങ്കച്ചൻ, ശ്രീ. ഇ.ഡി ഫ്രാൻസിസ്, ശ്രീ. ജോൺ മങ്കുഴി, ശ്രീ. അഗസ്റ്റിൻ ചിറയത്ത്, ജെയിൻ മഞ്ഞളി, അലീന ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു.

## സൗജന്യ വാക്സിനേഷൻ ക്യാമ്പ് നടത്തി



കോട്ടപ്പുറം കിഡ്സിൻറെയും റോട്ടറി ക്ലബ് കൊടുങ്ങല്ലൂർ സെന്ററിന്റെയും കേരള പോലീസ് ഹൈവേസുരക്ഷ സമിതിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പിൻറ സഹകരണത്തോടെ കോട്ടപ്പുറം കിഡ്സിൽ സൗജന്യ വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. കിഡ്സ് ഡയറക്ടർ ഫാ. പോൾ തോമസ് കളത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. റോട്ടറി പ്രസിഡൻറ് ഫാ. ബാബു മുട്ടിക്കൽ. അധ്യാക്ഷത വഹിച്ചു. കിഡ്സ് അസി. ഡയറക്ടർമാരായ ഫാ. നീൽ ജോർജ്ജ് ചടയമുറി, ഫാ. വർഗ്ഗീസ് കാട്ടാശ്ശേരി, ഹൈവേ സുരക്ഷ സമിതി സെക്രട്ടറി. ഉണ്ണി പണിക്കശ്ശേരി. ഡോ. ഷദ, റോട്ടറി. സെക്രട്ടറി. ജോഷി ഇലഞ്ഞിക്കൽ. ക്യാമ്പ് കോഡിനേറ്റർ. ഇ.ജെ. വത്സൻ എന്നിവർ പ്രസംഗിച്ചു. മൂന്നൂറോളം പേർ പങ്കെടുത്തു.

## ത്രിദിന സെമിനാർ കോട്ടപ്പുറം കിഡ്സിൽ സംഘടിപ്പിച്ചു


യൂറോപ്യൻ യൂണിയന്റെ സഹകരണത്തോടെ ഫെയർ ട്രേഡ് ഫോറം ഇന്ത്യയുടെ പദ്ധതിയായ സ്ത്രീ (STREE) Project ന്റെ നേതൃത്ത്വത്തിൽ Training of community Facilitators on Thinking Product Innovation എന്ന വിഷയത്തെ ആസ്പദമാക്കി ത്രിദിന സെമിനാർ കോട്ടപ്പുറം കിഡ് സിൽ സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം ശ്രീ. K.R. ജൈത്രൻ, (വൈസ് ചെയർമാൻ, കൊടുങ്ങല്ലൂർ മുൻ സിപ്പാലിറ്റി) നിർവ്വഹിച്ചു.



ശ്രീമതി. എൽസി പോൾ, ( ആരോഗ്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി) അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റവ.ഫാ. പോൾ തോമസ് കളത്തിൽ ( ഡയറക്ടർ, കിഡ്സ് കോട്ടപ്പുറം) സ്വാഗതം പറഞ്ഞു. ഫെയർ ട്രേഡ് ഫോറം ഇന്ത്യ സൗത്ത് റീജിയണൽ കോഡിനേറ്റർ ശ്രീ.റിയാസ് ബാഷാ, ടെയിനർ ശ്രീമതി. തേജസ്വിനി എന്നിവർ സംസാരിച്ചു. കോവിഡ് പ്രോട്ടോകോൾ പാലിച്ച് നടത്തുന്ന ഈ പരിപാടിയിൽ കരകൗശല മേഖലയിൽ നിന്നുള്ള 30-തോളം വിദഗ്ദ്ധരാണ് പങ്കെടുക്കുന്നത്. ഇന്ത്യ ഒട്ടാകെ പതിനായിരം സ്ത്രീകളെ നൂതന ഉത്പന്ന ഉൽപാദന-വിപണന വൈദഗ്ദ്യം സാധ്യമാക്കുന്നതിന് ഈ പരിശീലനത്തിലൂടെ ലക്ഷ്യം വയ്ക്കുന്നു.

## പെട്രോൾ, ഡീസൽ വില വർദ്ധനക്കെതിരെ പ്രതിഷേധ റാലി നടത്തി





സമ്പാളൂർ തീർത്ഥാടന കേന്ദ്രം K.C.Y.M. യൂണിറ്റിന്റെ നേതൃത്തത്തിൽ വർദ്ധിച്ച് വരുന്ന പെട്രോൾ, ഡീസൽ വില വർദ്ധനക്കെതിരെ പ്രതിഷേധ റാലിയും പ്രകടനവും നടത്തി. കോവിഡ് പ്രോട്ടോകോൾ പാലിച്ച് യുവജനങ്ങളുടെ നേതൃത്വത്തിൽ ഇരു ചക്ര വാഹനങ്ങൾ റോഡിലൂടെ തള്ളി

K.C.Y.M. പ്രവർത്തകർ പ്രതിഷേധിച്ചത്. K.C.Y.M. കോട്ടപ്പുറം രൂപത പ്രസിഡന്റ് പോൾ ജോസ് അദ്ധ്യക്ഷത വഹിച്ച പ്രതിഷേധ റാലി യോഗത്തിൽ ഇടവക K.C.Y.M. ഡയറക്ടർ റവ. ഫാ. ജോയ് കല്ലറക്കൽ ഫ്ളാഗ് ഓഫ് ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ജാക്സൺ സിമേതി ആമുഖ പ്രഭാഷണവും, രൂപത സെക്രട്ടറി സനൽ ബാബു ആനിമേറ്റർ ഷൈൻ അവരേശ് എന്നിവർ ആശംസകളും അർപ്പിച്ചു. യൂണിറ്റ് വൈസ് പ്രസിഡന്റ് ഈ വ്ലിൻ ഡിസിൽവ, സെക്രട്ടറി ആൽട്ടിയ ഡെറോംസ്, എന്നിവരുടെ നേതൃത്തത്തിലുള്ള K.C.Y.M. കമ്മിറ്റി പ്രതിഷേധങ്ങൾക്ക് നേതൃത്വം നൽകി.

## K.C.Y.M. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു...



സമ്പാളൂർ K.C.Y.M. യൂണിറ്റിന്റെ പുതിയ ഭാരവാഹികളെ കണ്ടെത്തുന്നതിനുള്ള തിരഞ്ഞെടുപ്പ് 17.10.2021 ഞായറഴ്ച ദൈവാലയത്തിൽ വച്ച് നടന്നു. ഇടവക വികാരി ജോയ് കല്ലറക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ K.C.Y.M. രൂപത പ്രസിഡന്റ് പോൾ ജോസ്, സെക്രട്ടറി സനൽ ബാബു എന്നിവർ തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾക്ക് നേതൃത്വം നൽകി. വിവിധ കുടുംബ യൂണിറ്റ് യുവജന പ്രതിനിധികൾ ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ പുതിയ K.C.Y.M. ഭാരവാഹികളായി ഇവരെ തിരഞ്ഞെടുത്തു... പ്രസിഡന്റ് : ജാക്സൺ സിമേതി, വൈപ്രസിഡന്റ് : ഈവ്ലിൻ ഡിസിൽവ, സെക്രട്ടറി : ആൽട്ടിയ ഡെറോംസ്, ജോ. സെക്രട്ടറി : ഡിയ ഡിസിൽവ , ട്രഷറർ : ഡിയോൺ സിമേതി എന്നിവരെയും. അതാടെപ്പം മീഡിയ, സോഷ്യൽ & പൊളിറ്റിക്സ്, വിദ്യഭ്യാസം, വുമൺ ഫോറം, സ്പിരിച്വൽ ഫോറം

എനിങ്ങനെയുള്ള നേതൃത്വ സമിതിയേയും തിരഞ്ഞെടുത്തു.. അതോടൊപ്പം വർദ്ധിച്ച് കൊണ്ടിരിക്കുന്ന പെട്രോൾ, ഡീസൽ വില വർദ്ധനക്കെതിരെ ശക്തമായ പ്രതിഷേധം യോഗം രേഖപ്പെടുത്തി. കൂടാതെ പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ K.C.Y.M. പ്രവർത്തകർ ഓരോ മേഖലയിലും സജീവമാകാൻ ആഹ്വാനം ചെയ്തു. ആനിമേറ്റർമാരായ ഷൈൻ അവരേശ്, ജിതി ജിജോ എന്നിവർ യോഗത്തിന് നേതൃത്തം നൽകി. സഹ വികാരി ഫാ. അജയ് കൈതത്തറയുടെ നന്ദിയോടെ യോഗം അവസാനിച്ചു.


## മെത്രാന്മാരുടെ 16–ാമത് സാധാരണ സിനഡിന്റെ രൂപതാതല ഉദ്ഘാടനം കോട്ടപ്പുറം രൂപതയിൽ നടന്നു



2021 ഒക്ടോബർ 10 ന് റോമിലെ സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ 2023 ൽ നടത്തപ്പെടാൻ പോകുന്ന മെത്രാന്മാരുടെ സാധാരണ സിനഡിന്റെ ഔദ്യോഗിക പ്രഖ്യാപനത്തിന്റെ ഭാഗമായി കോട്ടപ്പുറം രൂപതയിൽ രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി സിനഡ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 'സിനഡാത്മക സഭയ്ക്ക് : കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം' എന്ന വിഷയത്തിൽ നടത്തപ്പെടാൻ പോകുന്ന സിനഡിന്റെ ലോഗോ അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. തുടർന്ന് അർപ്പിക്കപ്പെട്ട ദിവ്യബലിക്ക് രൂപത വികാർ ജനറൽ മോൺ. ഡോ. ആന്റണി കുരിശിങ്കൽ, എപ്പിസ്കോപൽ വികാർ വെരി റവ. സെബാസ്റ്റ്യൻ ജെക്കോബി, രൂപത ചാൻസലർ വെരി റവ. ഡോ. ബെന്നി വാഴക്കൂട്ടത്തിൽ, രൂപത വികാസ് ഡയറക്ടർ റവ. ഫാ. പോൾ മനക്കിൽ, കത്തീഡ്രൽ വികാർ റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ, ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി, റവ. ഫാ. ടോണി പിൻഹീറോ എന്നിവർ സഹകാർമ്മികത്വം വഹിച്ചു. കോട്ടപ്പുറം രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് സംഘടനാ പ്രതിനിധികളും പങ്കെടുത്തു.

## കേന്ദ്ര സർക്കാരിന്റെ സമർത്ഥ് പദ്ധതിയുടെ ഭാഗമായ തഴപ്പായ കരകൗശല പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു.

കേന്ദ്ര വസ്ത്ര മന്ത്രാലയത്തിന്റെ കീഴിലുള്ള തൃശ്ശൂർ കരകൗശല സേവന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ



കിഡ്സ് ക്യാമ്പസിൽ വെച്ച് കൊടുങ്ങല്ലൂരിന്റെ തനത് പരമ്പരാഗത കരകൗശല മേഖലയായ തഴപ്പായയിൽ ജോലി ചെയ്യുന്നവർക്കു വേണ്ടിയാണ് ട്രെയിനിങ് സംഘടിപ്പിക്കുന്നത്. ഫാ.പോൾ തോമസ് കളത്തിൽ (ഡയറക്ടർ. കിഡ്സ് കോട്ടപ്പുറം) സ്വാഗതം പറഞ്ഞ ചടങ്ങിൽ കൊടുങ്ങല്ലൂർ നിയോജക മണ്ഡലം എം.ൽ .എ . അഡ്വ. ശ്രീ. വി. ആർ. സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീമതി. ഷിനിജ എം. യു. അധ്യക്ഷത വഹിച്ചു. പരമ്പരാഗത കരകൗശലശില്പികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ മണ്ഡലത്തിൽ തുടങ്ങുന്നതിന് വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ കർമ്മപദ്ധതികൾക്ക് രൂപം നല്കുമെന്ന് ഉൽഘാടന പ്രസംഗത്തിൽ എം.ൽ.എ . അറിയിച്ചു. ഹാൻഡിക്രാഫ്റ്റ് അസിസ്റ്റന്റ് ഡയറക്ടർ Dr. സജി M.P. മുഖ്യ പ്രഭാഷണം നടത്തി. ഹാർഡിക്രാഫ്റ്റ് പ്രൊമോഷൻ ഓഫീസർ സിബി മൈക്കിൾ, കാതറിൻ ജോസ് എന്നിവർ ട്രെയിനിങ് പദ്ധതികൾ സംബന്ധിച്ച് ക്ലാസ്സുകൾ എടുത്തു. കിഡ്സിന്റെ അസ്സി. ഡയറക്ടർമാരായ ഫാ. വർഗ്ഗീസ് കാട്ടാശ്ശേരി ആശംസയും, ഫാ. നീൽ ജോർജ്ജ് ചടയമുറി നന്ദിയും പറഞ്ഞു. തുടർന്ന് ഗാന്ധി ജയന്തിയോട് അനുബന്ധിച്ച് സേവനവാരം നടത്തി.

കിഡ്സ് കോട്ടപ്പുറത്തിന്റെ നേതൃത്വത്തിൽ മറ്റു പരമ്പാരാഗത കരകൗശല ഉന്നമനത്തിനുള്ള വിവിധ പദ്ധതികളെ സംബന്ധിച്ച് അവലോകന യോഗവും ചർച്ചയും നടത്തി.